"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം – കോട്ടയം ജില്ല – ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. രവി സമർപ്പിച്ച അപേക്ഷ നിരസിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1322/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/07/2021

---

പരാമർശം:- 1 സ.ഉ.(സാധാ) നം.696/2008/തസ്വഭവ തീയതി 07.03.2008

2 സ.ഉ. (സാധാ) നം.175/2011/തസ്വഭവ തീയതി 18.01.2011

3 ശ്രീ. കെ. രവി സമർപ്പിച്ച 12.11.2013-ലെ അപേക്ഷ

## ഉത്തരവ്

ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ സെക്രട്ടറിയായിരുന്ന ശ്രീ. രവിയുടെ കൈവശം 3000/- രൂപ ഉണ്ടായിരിക്കുകയും ടി തുക സംബന്ധിച്ച് ശ്രീ രവിക്ക് തക്കതായ വിശദീകരണം സമർപ്പിക്കാൻ കഴിഞ്ഞില്ലെന്നും കണ്ടെത്തിയിരുന്നു. മിന്നൽ പരിശോധനയെ തുടർന്ന് വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ രവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു.

തുടർന്ന് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യണമെന്നപേക്ഷിച്ച് 05.11.2008-ൽ ശ്രീ. കെ. രവി നിവേദനം സമർപ്പിച്ചിരുന്നു എന്നറിയിച്ച് 04.06.2010-ൽ സർക്കാരിൽ ഒരു ഹർജി സമർപ്പിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ പ്രസ്തുത റിവ്യൂ ഹർജി സർക്കാരിൽ ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്.. കെ.സി.എസ് (സി.സി&എ) റൂൾ 1960 ന്റെ റൂൾ 3 5 പ്രകാരം ഉത്തരവ് തീയതി മുതൽ 2 മാസത്തിനകം പുന:പരിശോധനക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ 04.06.2010-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം 14.09.2010-ലെ 38575/ഇപിബി2/2010 തസ്വഭവ നമ്പർ കത്ത് പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു ബഹു ഹൈക്കോടതിയിൽ ശ്രീ. രവി ഫയൽ ചെയ്ത WP(C) 30079/10 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായപ്രകാരം 05.11.2008-ലെ പുന:പരിശോധനഹർ ജി (എക്സിബിറ്റ് പി5 ) പരാതിക്കാരനെ നേരിൽകേട്ട് 3 മാസത്തിനകം തീർപ്പാക്കണമെന്ന് ഉത്തരവായിരുന്നു. തുടർന്ന് ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ചുകൊണ്ട് പരാമർശം (1) ഉത്തരവിനെതിരെ ശ്രീ. കെ. രവി സമർപ്പിച്ച പുന:പരിശോധനഹർജി പരാമർശം (2) പ്രകാരം തീർപ്പാക്കിയിരുന്നു.

ശ്രീ. കെ. രവി ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്ന അവസരത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അധികൃതർ 05.10.2004 ൽ നടത്തിയ ആകസ്മിക പരിശോധനയിൽ ടിയാന്റെ പക്കലുണ്ടായിരുന്ന 3000/-രൂപ പരിശോധന ടീമിലുണ്ടായിരുന്ന D Y S P പിടിച്ചെടുത്തുവെന്നും ഇതിന്റെ രസീത് നൽകിയില്ലെന്നും ടി തുക 9/04 ലെ ശമ്പള തുകയുടെ ഭാഗമാണെന്നും 04.10.2004 നാണ് (പരിശോധനാ തീയതിയുടെ

തലേദിവസം) ശമ്പളമെടുത്തതെന്നും അകിന്റൻസ് രജിസ്റ്റർ കാണിച്ച് അദ്ദേഹത്തെ അപ്പോൾത്തന്നെ ബോധ്യപെടുത്തിയിരുന്നതാണെന്നും, ടി തുക എന്തിന് കൊണ്ടുവന്നുവെന്നതിന് അപ്പോൾത്തന്നെ നൽകിയ മറുപടി, CD player repair ചെയ്യുന്ന സ്ഥാപനത്തിന്റെ രസീത് സഹിതം കാണിച്ച് ബോധ്യപ്പെടുത്തുകയും ടി സ്ഥാപനവുമായി ഫോൺ മുഖേന ബന്ധപ്പെട്ട് ഇക്കാര്യം അദ്ദേഹം ഉറപ്പാക്കുകയും ചെയ്തിരുന്നുവെന്നും എന്നിട്ടും ഇതൊന്നും മുഖവിലക്കെടുക്കാതെ ടി തുകയുടെ ഉറവിടം വെളിപ്പെടുത്തിയില്ലെന്ന് പിന്നീട് അദ്ദേഹം അധികൃതർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ അത് എന്തിനായിരുന്നുവെന്ന് ഇപ്പോഴും മനസ്സിലാകുന്നില്ലെന്നും ടി തുകയുടെ ഉറവിടത്തെ സംബന്ധിച്ച തന്റെ വിശദീകരണം/മറുപടി "തൃപ്തികരമല്ല/സ്വീകാര്യമല്ല reasonable അല്ല" എന്ന് കാണിക്കുന്നതല്ലാതെ എന്തുകൊണ്ട് തൃപ്തികരമല്ല, എന്തുകൊണ്ട് സ്വീകാര്യമല്ല എന്തുകൊണ്ട് reasonable അല്ല എന്ന് എവിടെയും വ്യക്തമാക്കിയിട്ടില്ലെന്നും ഇക്കാര്യത്തിലുള്ള തന്റെ വിശദീകരണം/മറുപടി തൃപ്തികരമല്ലായിരുന്നുവെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കേണ്ടിയിരുന്നുവെന്നും കാര്യകാരണങ്ങൾ സഹിതം തന്റെ വിശദീകരണം reasonable അല്ല എന്ന് കേസ് തീർപ്പാക്കൽ ഉത്തരവിലും 07.03.08-ലെ സ.ഉ.(സാധാ)നം.696/2008/തസ്വഭവ ഉത്തരവിലും വ്യക്തമാക്കിയിട്ടില്ലെന്നും രേഖകളുടെ പിൻബലത്തോടെ ടി തുകയുടെ ഉറവിടം സംബന്ധിച്ച് പരിശോധനാ സമയം തന്നെ ടിയാൻ വെളിപ്പെടുത്തുകയുണ്ടായിയെന്നും ബോധിപ്പിച്ച ഉറവിടം സ്വീകാര്യമല്ലെങ്കിൽ ഏത് source ൽ നിന്നാണ് ടി തുക ലഭിച്ചതെന്ന് എവിടെയും പരാമർശമില്ലെന്നും 9 / 0 4 ലെ ശമ്പളത്തിലും കുറവായ തുകയാണ് എന്റെ കൈവശമുണ്ടായിരുന്നതെന്നും രസീത് പോലും നൽകാതെ അന്യായമായി തന്നിൽ നിന്നും പിടിച്ചെടുത്ത തുക 5 വർഷങ്ങൾക്ക് ശേഷം 27.08.10 ലാണ് സർക്കാരിൽ അടച്ചതെന്നും അതുവരെ ടി തുക ആരുടെ പക്കലായിരുന്നുവെന്നും ടി തുക എന്ത് ചെയ്യുവെന്നും അറിയില്ലെന്നും ടി തുക സർക്കാർ ഫണ്ടിൽ അടക്കണമെന്നോ ടിയാന് തിരികെ നൽകരുതെന്നോ തീർപ്പാക്കൽ ഉത്തരവിൽ പരാമർശമില്ലെന്നും തുക ഫണ്ടിൽ അടയ്ക്കുന്നതിന് മുൻപ് തന്നെ അറിയിച്ചിട്ടില്ലെന്നും ഒരു സർക്കാർ ഉദ്യോഗസ്ഥൻ ഒരു ദിവസം ഓഫീസിൽ കൊണ്ടുവരേണ്ട തുക നിജപ്പെടുത്തിയിട്ടുള്ളതായോ, CD Player repair ചെയ്യുന്നതിനുള്ള ചാർജ്ജും വീട്ടു സാധനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുകയും ഓഫീസിൽ കൊണ്ടുവരാൻ പാടില്ലെന്നോ നിബന്ധനയുള്ളതായി തനിക്ക് അറിയില്ലെന്നും ഇപ്രകാരം ഒരു നിബന്ധന നിലവിലില്ലെന്നാണ് തന്റെ ഉത്തമ വിശ്വാസമെന്നും തന്നിൽ നിന്നും അന്യായമായും ക്രമവിരുദ്ധമായും പിടിച്ചെടുത്ത തന്റെ 9/04-ലെ ശമ്പളത്തിന്റെ ഒരു ഭാഗമായ 3000/- രൂപ പലിശ സഹിതം തിരികെ നൽകണമെന്ന് വിനയപൂർവം അപേക്ഷിക്കുന്നുവെന്നും ഈ അപേക്ഷയും ഇതോടൊപ്പവും ഇതിനു മുൻപു പല ഘട്ടങ്ങളിലും ബോധിപ്പിച്ച വിശദീകരണവും പരിഗണിച്ച് ടി തുക തിരികെ നൽകാത്ത പക്ഷം ടി തുകയെ സംബന്ധിച്ച് ബോധിപ്പിച്ച ഉറവിടം എന്തുകൊണ്ട് തൃപ്തികരമായില്ല അല്ലെങ്കിൽ സ്വീകാര്യമായില്ല അല്ലെങ്കിൽ reasonable അല്ല എന്നതിന്റെ കാരണവും ഈ അപേക്ഷയിന്മേൽ സ്വീകരിക്കുന്ന തുടർനടപടിയും തന്നെ അറിയിക്കുവാൻ ദയവുണ്ടാകണമെന്നും ശ്രീ. കെ രവി സമർപ്പിച്ച 12.11.2013-ലെ അപേക്ഷയിൽ പറയുന്നു.

ശ്രീ. കെ. രവി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മിന്നൽ പരിശോധനയെ തുടർന്ന് വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ കെ രവി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ച് പരാമർശം (1) പ്രകാരം തീർപ്പാക്കിയ സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതിയിൽ ശ്രീ. രവി ഫയൽ ചെയ്ത WP(C) 30079/10 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായപ്രകാരം 05.11.2008-ലെ പുന:പരിശോധനഹർജി (എക്സിബിറ്റ് പി5) പരാതിക്കാരനെ നേരിൽകേട്ട് 3 മാസത്തിനകം തീർപ്പാക്കണമെന്ന് ഉത്തരവായതിനെ തുടർന്ന് ബഹു ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് കൊണ്ട് ശ്രീ.കെ രവി സമർപ്പിച്ച പുന:പരിശോധനഹർജി വിശദമായി പരിശോധിച്ച് നേരിൽ കേൾക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിച്ച് പരാമർശം (2) ഉത്തരവ് പ്രകാരം തീർപ്പാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവുകൾ പുന:പരിശോധിച്ച് ടിയാന്റെ കൈയിൽ നിന്നും വിജിലൻസ് പിടിച്ചെടുത്ത 9/04 ലെ ശമ്പളത്തിന്റെ ഒരു ഭാഗമായ 3000/- രൂപ പലിശ സഹിതം തിരികെ നൽകണമെന്ന ശ്രീ കെ. രവി സമർപ്പിച്ച പരാമർശം (3) അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യൂ

അഡിഷണൽ സെക്രട്ടറി

പകർപ്പ്

1. ശ്രീ. കെ. രവി, (റിട്ട. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)

   തെക്കേനെത്തല്ലൂർ വീട്, മാടപ്പള്ളി പി.ഒ, തെങ്ങണ, കോട്ടയം-686546

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊട്ടയം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/348/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 14-07-2021 11:06:50
Reason: Approved

സെക്ഷൻ ഓഫീസർ